**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3845

**20.07.2015** -ൽ
മറുപടി നൽകേണ്ടിയിരുന്നത്

## എം. ബി. ബി.എസ്. -റാങ്ക് വിവരം

*ചോദ്യം*
ശ്രീ.എ. റ്റി. ജോർജ്

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള യൂണിവേഴ്സിറ്റി 2014 ജൂൺ മാസത്തിൽ നടത്തിയ എം. ബി. ബി. എസ് അവസാനവർഷ പരീക്ഷയുടെ റാങ്ക് വിവരം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ആദ്യത്തെ അഞ്ച് റാങ്കുകൾ ആർക്കെല്ലാമാണ് ലഭിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) (ബി) & (സി) | കേരള സർവ്വകലാശാല 2014 ജൂണിൽ നടത്തിയ എം. ബി. ബി. എസ്സ് പരീക്ഷയുടെ റാങ്ക് (ഒന്നാം റാങ്ക് മാത്രം) മൂന്നാം പ്രൊഫഷണൽ എം. ബി. ബി. എസ്സ് പാർട്ട് II റിസൽട്ടിനൊപ്പം പ്രൊവിഷണലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കിരൺ ജോർജ് കോശിക്കാണ് ഒന്നാം റാങ്ക്. മറ്റു റാങ്കുകൾ റീവാല്യുവേഷൻ കഴിഞ്ഞതിനുശേഷം മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ. എം. ബി. ബി. എസ്സ് പരീക്ഷയുടെ അന്തിമമായ റാങ്ക് പട്ടിക നിർണ്ണയിക്കുന്നതിന് ഹൗസ് സർജൻസി പൂർത്തീകരണം മാനദണ്ഡമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എം. ബി. ബി. എസ്. പരീക്ഷയുടെ റാങ്ക് നിർണ്ണയിക്കുന്നതിന് ഹൗസ് സർജൻസിയും മാനദണ്ഡമായി ഉൾപ്പെടുത്തിയിട്ടുണ്ടോ; | | |
| (സി) | 2014 ജൂൺ മാസത്തിൽ കേരള യൂണിവേഴ്സിറ്റി നടത്തിയ എം. ബി. ബി. എസ്. അവസാനവർഷ പരീക്ഷയുടെ ഒന്നാം റാങ്ക് മാത്രം പ്രസിദ്ധപ്പെടുത്തിയതിന്റെ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**